**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1753** **10/02/2020 -ൽ മറുപടിക്ക്**

**<u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര നിർണ്ണയം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**,, വി.കെ.പ്രശാന്ത്**<br>**,, പി.കെ. ശശി**<br>**,, കെ.വി.അബ്ദുൾ ഖാദർ** | **ഡോ.കെ.ടി.ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്രവിവരശേഖരണം ലക്ഷ്യമിട്ട് ഉന്നതവിദ്യാഭ്യാസ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ റാങ്കിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിവര ശേഖരണം ലക്ഷ്യമിട്ട് ഓൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വേ മാതൃകയിലാണ് ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ നടപ്പാക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളുടെയും സർവകലാശാലകളുടെയും വിവരങ്ങൾ ശേഖരിക്കാനാണ് ഈ സർവ്വേയിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഇതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ആധികാരിക വിവരങ്ങളുടെ അഭാവം പരിഹരിക്കുക എന്ന വലിയ ലക്ഷ്യമാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച ഈ വിവരശേഖരണം ഭാവിയിൽ സർക്കാരിനും ഉന്നത വിദ്യാഭ്യാസ കൗൺസിലിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സഹായകമാകും.<br><br>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ, അധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, കോഴ്സുകൾ, പരീക്ഷകൾ, ഫണ്ട് സംബന്ധമായ വിവരങ്ങൾ, സാമൂഹ്യ ഇടപെടലുകൾ എന്നിങ്ങനെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഓരോ സ്ഥാപനവും പോർട്ടലിലൂടെ നൽകണം. എല്ലാ വർഷവും തുടരുന്ന ഒരു പ്രക്രിയയാണ് ഈ സർവേ. നടപ്പു വർഷത്തെ സർവേയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക്, മുൻ വർഷത്തെ വിവരങ്ങൾ കൂടി |

ലഭ്യമാക്കുവാൻ അവസരമുണ്ടാകും. ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി വർഷം തോറും ഒരു സ്ഥിതി വിവരക്കണക്ക് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനും പദ്ധതിയുണ്ട്. ഉന്നത വിദ്യാഭ്യാസ സർവേയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ Kerala Institutional Ranking Framework (KIRF) റാങ്കിംഗിന് പരിഗണിക്കുന്നത്.

| | |
|---|---|
| (ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര നിർണ്ണയത്തിനായി സ്റ്റേറ്റ് അസസ് മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) പ്രാവർത്തികമായിട്ടില്ല. |
| (സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അക്കാദമികരംഗത്തും ഗവേഷണ രംഗത്തും അവയെ ഉത്കൃഷ്ട സ്ഥാപനങ്ങൾ ആക്കിത്തീർക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അക്കാദമിക രംഗത്തും ഗവേഷണ രംഗത്തും അവയെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്.<br>1. കരിക്കുലം പരിഷ്കരണം<br>2. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി<br>3. ചാൻസിലേഴ്സ് അവാർഡ്<br>4. ക്ലസ്റ്റർ കോളേജ് പദ്ധതി<br>5. എറുഡൈറ്റ് പദ്ധതി<br>6. പ്രബുദ്ധത<br>7. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ<br>8. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ<br>9. സംസ്ഥാനതല ഇ- ജേർണൽ കൺസോർഷ്യം രൂപീകരണം<br>10. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്<br>11. ക്രോസ് ഡിസിപ്ലിനറി ലിറ്ററസി കാമ്പയിൻ, 2020. |

**സെക്ഷൻ ഓഫീസർ**